


# കുത്തിവരകളും അക്ഷരക്കൂട്ടങ്ങളും

ഡിജിറ്റൽ മാഗസിൻ,

ജി.എച്ച്.എസ്.എസ്.തിരൂരങ്ങാടി

# താളുകൾ


നൂർജഹാൻ: മധുരസംഗീതത്തിന്റെ റാണി........11
Love All........15
اللِّصُ و الجَرَسُ........17
*ഓർമക്കുറിപ്പ്*........*19*
തമോഗർത്തം........21
സ്വന്തം ഭൂമിയിൽ അന്യരായ് തീർന്നവർ........23
വഴി വിളക്ക്........25
കുമാരനാശാൻ........29
ഒരു കൈ ചേർക്കാം........31
*MY LOVE OF NATURE*........*35*
أيْنَ نَبْحَثُ النَّهر؟........37
മരണം........41
ഭ്രാന്തി........43
ഭാരതം........45
വികൃതി........47
ചെരുപ്പ്........49
........*51*
*വരയും വർണവും*........51
........53
*വരയും വർണവും*........*53*
*അജിഷ. വി.കെ, 9.F*........53
*ഫ◌ാത്തിമ ഷെറിൻ, 10.E*........53
കൂട്ടുകാർ........59
ജീവിതം........61
തോണി........63
അനിയൻ........65
അനുരാഗം........67
അർഹിച്ച സ്നേഹം........69
അമ്മയെൻ ദിപം........73
സങ്കലിത വിദ്യാഭ്യാസത്തിന്റെ പ്രസക്തി........75
കുഴിമന്തി........79
വഴി തറ്റിയ ചിങ്കൻ കുരങ്ങൻ........81
കസ്റ്റാഡ് ഫ്രൂട്ട്സ് സലാഡ്........85
മാറുന്ന കാലം........87
വേർപാട്........89
الكَلِمَات المتَعَلِّقَة بِكَمْبيُوتَرْ........97
സ്വാർത്ഥൻ........109



## സന്ദേശം

*സ്നേഹത്തോടെ*

*വിരൽത്തുമ്പിൽ വിജ്ഞാനത്തിന്റെ വിസ്മയ ലോകം തുറക്കുന്ന വിവരസാങ്കേതിക വിദ്യ വിദ്യാഭ്യാസരംഗത്തിനൊട്ടാകെ പുതിയ ഒരു ഉണർവ്വ് പകർന്നിട്ടുണ്ട്. പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി ക്ലാസ്സ് മുറികൾ ഹൈടെക്കായി മാറിക്കഴിഞ്ഞു. ഈ സംരംഭത്തിൽ ഭാഗമായി കൊണ്ട് പഠനപ്രക്രിയയുടെ വിനിമയത്തിൽ പങ്കാളിത്തം വഹിക്കുന്ന കുട്ടികളുടെ സംഘടന എന്ന നിലയിൽ ലിറ്റിൽ കൈറ്റ്സ് സവിശേഷ ശ്രദ്ധയർഹിക്കുന്നുണ്ട്. തിരൂരങ്ങാടി ഗവ.ഹയർസെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ സംരംഭമായ ഈ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.*

*ലീന തോമസ്, പ്രിൻസിപ്പാൾ,*
*ജി.എച്ച്.എസ്.എസ്.തിരൂരങ്ങാടി,*



## സന്ദേശം

*നമ്മുടെ സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ പുറത്തിറങ്ങാൻ പോകുന്ന ഇ–മാഗസിൻ വിദ്യാർത്ഥികളുടെ സർഗാത്മകതയുടെ തുരുത്തിലേക്കുള്ള ചുവടുവെപ്പാണ്. സാങ്കേതിക വിദ്യയും സർഗാത്മകതയും ഇഴചേരുന്ന ഈ ഉദ്യമത്തിലേക്ക് എല്ലാവിധ ആശംസകളും ഭാവുകങ്ങളും നേരുന്നു*

ജയരാജ്. ഏ.വി
ഹെഡ്മാസ്റ്റർ



<u>സന്ദേശം</u>

*ഇത് കാലം തെറ്റിയ   കാലം............*
*കുളിരായ്  പെയ്തിറങ്ങിയ മഴ  കാലനായ് മാറിയകാലം*
*കാലുഷ്യത്തിന്റെ കാലം*
*അന്ധകാരത്തിന്റെ തിമിരപ്പടർപ്പുകൾ നീക്കാൻ കലയുടെ സൂര്യവെളിച്ചത്തിനു മാത്രമേ സാധിക്കുകയുള്ളു . വിദ്വേഷത്തിന്റെ യുദ്ധകാഹളങ്ങളല്ല; കലയുടെ കാൽചിലമ്പുകൾ കുരുന്നു മനസ്സിൽ മാറ്റൊലിക്കൊള്ളട്ടെ .  സർഗസൃഷ്ടിയുടെ വസന്തം കുഞ്ഞുമനസ്സുകളിൽ നിറയട്ടെ . ഭാവനാ  വിഹായസ്സിലേക്ക് കുഞ്ഞുചിറകുകളുയർത്തി പറന്നുയരാൻ കഴിയട്ടെ .*
*സകലലോകങ്ങളിലും നന്മയുടെ  പ്രകാശം വിതറുന്നതിനുള്ള അഗ്നിയായ് മാറട്ടെ*

ഗിരിജാദേവി
എച്ച്.എസ്.എ മലയാളം



I hear I forget
I see I remember
I do I learn

Learning by doing is the best way to learn. Its our duty to learn anything by doing ourselves. Here the Little Kites of GHSS Tirurangadi is publishing an e-magazine. All done by our "Little Kites" team only. I am delightful to appreciate one and all who worked behind this great effort. Let the little Kites be flown high

Ismayil. P
Department of English

തിരൂരങ്ങാടി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിലെ കൂട്ടുകാരുടെ കുത്തിക്കുറിക്കലുകൾക്ക് ഡിജിറ്റൽ രൂപം നൽകാനുള്ള ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ഒരെളിയ ശ്രമമാണ് ഈ 'കുത്തിവരകൾ'. ലിറ്റിൽ കൈറ്റ്സ് വഴി തൊട്ടറിഞ്ഞ സങ്കേതങ്ങളും പരിശീലനങ്ങളുമാണ് ഈ സാഹസത്തിന് ഞങ്ങളെ പ്രാപ്തരാക്കിയത്.

വിവരസാങ്കേതികരംഗത്തെ മുന്നേറ്റം വിദ്യാഭ്യാസരംഗത്ത് വിസ്മയങ്ങൾ തീർക്കുന്ന ഈ സമയത്ത് ലിറ്റിൽ കൈറ്റ്സ് വഴി വിജ്ഞാന വിപ്ലവത്തിന്റെ മുന്നണിപ്പോരാളികളാകാൻ കഴിഞ്ഞതിൽ ഞങ്ങളഭിമാനിക്കുന്നു.  ഗ്രാഫിക്സിന്റെയും അനിമേഷന്റെയും വർണലോകത്ത് നിന്ന് തുടങ്ങിയ യാത്ര റാസ്ബറി എന്ന കുഞ്ഞൻ കമ്പ്യൂട്ടർ തീർക്കുന്ന അത്ഭുതലോകത്തെത്തി നിൽക്കുന്നു. സാങ്കേതികവിദ്യയും മത്സരങ്ങളും തീർക്കുന്ന നവലോകത്ത് ചുവടുറപ്പിക്കുന്നതിനും ഉയർന്ന് പറക്കുന്നിനും കൈറ്റ്സ് പരിശീലനങ്ങൾ പ്രാപ്തരാക്കുമെന്നത് ഞങ്ങൾക്ക് ആത്മവിശ്വാസമേകുന്നു.

പരിശീലനങ്ങളുടെ മാറ്ററിയാനുള്ള അവസരം കൂടിയാണീ 'അക്ഷരക്കൂട്ടങ്ങൾ' . ലിബർ ഓഫീസ് റൈറ്ററിലെ സങ്കേതങ്ങളും ജിമ്പിന്റെയും ഇങ്ക്സ്കേപ്പിന്റെയും സാധ്യതകളും പരിമിതിക്കുള്ളിലിരുന്ന് പരീക്ഷിച്ചിട്ടുണ്ട്.

നന്ദിയും കടപ്പാടും അറിയിക്കേണ്ട ഒത്തിരി പേരുണ്ട്.  നിർദേശങ്ങളും ആത്മവിശ്വാസവും നൽകി കൂടെ നിന്ന അധ്യാപകർ, സൃഷ്ടികൾ തന്ന് സഹകരിച്ച കൂട്ടുകാർ........

ഇതൊരു തുടക്കമാണ്..... കുറ്റങ്ങളും കുറവുകളും ഒത്തിരിയുണ്ടാവാം നിങ്ങളുടെ നിർദേശങ്ങളും അഭിപ്രായങ്ങളുമാണ് മുന്നോട്ടുള്ള ഊർജ്ജം

പ്രതീക്ഷയോടെ

ചീഫ് എഡിറ്റർ

# നൂർജഹാൻ: മധുരസംഗീതത്തിന്റെ റാണി



നൂർജഹാൻ എന്ന അഭിനേത്രിയെ ലോകം മറന്നേക്കാം; എന്നാൽ, 'ചാന്ദ്നീരാതേം.. ചാന്ദ്നീ രാതേം', 'മേം രഹ്ഗയി തേരെ...,'അംഗ് അംഗ് നാച്ചെ മേരാ...', 'മുഝ്കൊ മെഹ്ഫിൽ കി ശാമ ബനായാ ആപ്നെ...'തുടങ്ങിയ അനശ്വര ഗാനങ്ങളുടെ ഗായിക നൂർജഹാനെ മറക്കില്ല സംഗീതലോകം ഒരുനാളും.

'ജാൽതാ ഹെ ജിയാ ബർ സാതോം മേം
ജാഗ്ഗും മേം കാലി കാലി രാതേം മേം...'

ഇതു നൂർജഹാൻ; മധുരസംഗീതത്തിന്റെ റാണി. നൂർജഹാൻ പാടുമ്പോൾ ആസ്വാദകന്റെ ഹൃദയത്തിൽ ഒരു പനിനീർ മുദുദളങ്ങൾ മന്ത്രമധുരമായി വിടരുന്നുണ്ട്. ഓർമയുടെ ദളപുടങ്ങൾ അകന്ന് ഉതിരുന്ന തേൻകണങ്ങൾ ആത്മാവിൻ രസനയെ സാന്ത്വനിപ്പിക്കുന്നുണ്ട് ; പൊയവസന്തങ്ങൾ മറന്നുവച്ച ഇത്തിരി സുഗന്ധത്തിൽ രാവ് സുരഭിലവും രാഗാർദ്രവുമാവുന്നുണ്ട്. പിന്നെയും പിന്നെയും വാക്കുകൾ കൊണ്ടു പറഞ്ഞറയിക്കാനാവാത്ത സ്നിഗ്ധമധുരമായ എന്തൊക്കെയോ സംഭവിക്കുന്നുണ്ട് നൂർജഹാൻ പാടുമ്പോൾ. അത്കൊണ്ട് തന്നെയാണല്ലോ നൂർജഹാന്റെ സംഗീതം തന്റെ കാലഘട്ടത്തിലെ ഗായികമാരുടെയെല്ലാം ആലാപനത്തിൽ, സ്വാധീനത്തിന്റെ മായമുദ്രകൾ മധുരമായി പതിപ്പിച്ചത്. ലതാ മങ്കേഷ്കറുടെ ആലാപനത്തിൽ പോലും നൂർജഹാന്റെ സംഗീത സ്വാധീനം പണ്ഡിതർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

'മല്ലികാ–എ–തരാനം' (മധുരസംഗീതത്തിന്റെ റാണി ) എന്നു വിശേഷിപ്പിക്കപ്പെടുന്ന നൂരജഹാൻ 1926 സപ്തംബർ 21 ന് അവിഭക്ത പഞ്ചാബിലെ കോട്ട് മുറാദ് ഖാനിലാണ് ജനിച്ചത്. മാതാപിതാക്കളുടെ 13 മക്കളിൽ ഏറ്റവും ഇളയവളായ നൂർജഹാൻ ദാരിദ്ര്യത്തിന്റെ നടുവിലേക്കു സംഗീതത്തിന്റെ സമ്പന്നതയുമായി പിറന്നുവീണവളായിരുന്നു. നൂർജഹാന്റെ പിതാവായ മദദ്നലിയും മാതാവായ ഫത്തേഹ് ബീവിയും സംഗീതജ്ഞരായിരുന്നു. പ്രാദേശിക നാടകശാലയിലെയും ജന്മികുടുംബങ്ങളിലെ വിശേഷ സദർഭങ്ങളിലെയും പാട്ടുകാരായിരുന്നു നൂർജഹാന്റെ കുടുംബം.

പിറന്നുവീണ സമയത്തുള്ള നൂർജഹാന്റെ കരച്ചിൽ പോലും സംഗീതാത്മകമായിരുന്നു എന്ന അവരുടെ പിതൃസഹോദരിയുടെ നിരീക്ഷണം അവരെക്കുറിച്ചുള്ള ലേഖനങ്ങളിൽ പ്രാമുഖ്യത്തോടെ അവതരിക്കപ്പെടാറുണ്ട്. ഈ നിരീക്ഷണത്തിന്റെ യാഥാർഥ്യം എന്തുതന്നെയായാലും വളരെ

ചെറുപ്പത്തിൽത്തന്നെ നൂർജഹാൻ സംഗീതസിദ്ധികൾ പ്രകടിപ്പിച്ചു എന്നതു തർകമറ്റ വസ്തുതയാണ്. കേവലം നാലു വയസ്സുളളപ്പോൾതന്നെ കേട്ടു പരിചയിച്ച

ഏതു വിഭാഗത്തിൽപ്പെട്ട ഗാനവും പരിപൂർണതയോടെ പാടാൻ നൂർജഹാനു കഴിഞ്ഞിരുന്നു.

കജ്ജൻ ബായ്, ഉസ്താദ് ഗുലാം മുഹമ്മദ്, ഉസ്താദ് ബഡേ ഗുലാം അലി ഖാൻ എന്നിവരായിരുന്നു നൂർജഹാന്റെ ഗുരുക്കന്മാർ. സംഗിതം നൂർജഹാന്റെ രക്തത്തിലുണ്ടായിരുന്നു. നൂർജഹാന്റെ ആദ്യ ഗുരുവായ കജ്ജൻ ബായിയുടെ കീഴിൽ ദിവസവും 12 മണിക്കൂറോളം നീളുന്ന സംഗീതഭ്യസനവും ഉസ്താദ് ഗുലാം മുഹമ്മദ്, ഉസ്താദ് ബഡേ ഗുലാം അലി ഖാൻ എന്നിവരിൽ നിന്നു ലഭിച്ച ക്ലാസിക്കൽ പാഠങ്ങളും കൂടിച്ചേർന്നപ്പോൾ നൂർജഹാനിലെ ജന്മസിദ്ധ സംഗീതത്തിന്റെ ഉറവകൾ ഒരു മഹാ പ്രവാഹത്തിലേക്ക് ഉണരുകയായിരുന്നു.

തന്റെ ആറാം വയസ്സിൽ മൂത്ത സഹോദരിമാരുടെ കൂടെ പ്രാദേശിക നാടകക്കമ്പനികൾക്കുവേണ്ടി പാടിക്കൊണ്ടാണ് നൂർജഹാൻ തന്റെ സംഗീതജീവിതത്തിനു തുടക്കം കുറിച്ചത്. ഉർദു ,ഹിന്ദി ,പഞ്ചാബി ,സിന്ധി ഭാഷകളിലായി പതിനായിരത്തോളം ഗാനങ്ങൾ പാടിയിട്ടുളള നൂർജഹാൻ ഒരു അഭിനേത്രി കൂടിയായിരുന്നു. നിശ്ശബ്ദ സിനിമയുടെയും തുടർന്ന്, ശബ്ദസിനിമയുടെയും കാലഘട്ടങ്ങളിൽ നിരവധി ചലച്ചിത്രങ്ങളിൽ ബാലതാരമായും നായികയായും അഭിനയിച്ചിട്ടുണ്ട്.

1930 പുറത്തുവന്ന 'ഹിന്ദ് കെ താരെ' എന്ന നിശബ്ദസിനിമയിലൂടെയാണ് നൂർജഹാൻ ചലച്ചിത്രരംഗത്തെത്തുന്നത്. 'ആസാദി', 'ഇംപീരിയൽമെയിൽ', മിസ്റ്റർ420, 'നാദാൻ', 'ദോസ്ദ്', 'സീനത്ത്', 'ദിൽ, 'അൻമോൽ ഗാഡി', 'ബഡിമാ' എന്നിവ നൂർജഹാന്റെ അഭിനയിച്ച ചലച്ചിത്രങ്ങളിൽ ചിലതാണ്. പക്ഷേ, അഭിനേത്രിയെക്കാൾ എത്രയോ മുന്നിലായിരുന്നു നൂർജഹാനിലെ ഗായിക.

1996 ലാണ് നൂർജഹാന്റെ അവസാനഗാനം റിക്കാഡ് ചെയ്യപ്പെട്ടത്. പിന്നീടുളള നാലു വർഷം ഹൃദയസംബന്ധമായ അസുഖങ്ങൾക്കു ചികിൽസ തേടി ആശുപത്രികളിൽ നിന്ന് ആശുപത്രികളലേക്കുളള യാത്രയായിരുന്നു ജീവിതം. നൂർജഹാന്റെ മധുരനാദത്തിന്റെ തിരിച്ചുവരലിനു വേണ്ടി പ്രാർഥനാനിരതമായ ആയിരക്കണക്കിന് ആരാധകരെ നിത്യ ദുഃഖത്തിലാഴ്ത്തിക്കൊണ്ട് 2000 ഡിസംബർ 23 ന് ആ മധുരനാദം എന്നന്നേക്കുമായി നിശ്ശബ്ദമായി. നൂർജഹാൻ എന്ന അഭിനേത്രിയെ ലോകം മറന്നേക്കാം; എന്നാൽ, 'ചാന്ദ്നീ രാതേം ......ചാന്ദ്നീ രാതേം', 'മേം രഹ്ഗയി തേരെ.....', 'അംഗ് അംഗ് നാച്ചെ മേരാ......,' ' മുഝ്കൊ മെഹ്ഫിൽ കി ശമ ബനായാ ആപ്നെ.....'തുടങ്ങിയ അനശ്വരഗാനങ്ങളുടെ ഗായിക നൂർജഹാനെ മറക്കില്ല സംഗീതലോകം ഒരു നാളും.

പ്രസാദ് കൊടിഞ്ഞി
എച്ച്. എസ്. എ. നാച്ചുറൽ സയൻസ്

# Love All....

Look my eyes , you know...

The shine of love...

Kiss my lips , you know...

The taste of love...

Catch my hand , to know...

The heart  of love...

follow my way, to know

the path of love ...

look at my smile, you know

trust of love...

# اللِّصُّ و الجَرَسُ

رَأى لِصٌّ جَرَسًا مُعلَّقًاعلَى بَابِ أحدِ البُيُوت. كَانَ الجَرَسُ جَميلاً. فَقرَّرَ اللِّصُّ أَنْ يَسْرِقَهُ. لَكِنَّهُ خَافَ أَنْ يَسرِقَهُ لأَنَّ الجرَسَ سَيَرِنُّ حَتْمًا حِينَمَا يَلْمِسُهُ. فَكَّرَ اللِّصُّ حِيلَةً. وَ وَصَلَ إلَى حَلٍّ غَرِيبٍ.يَمَلأُ فِي أُذْنَيْهِ بِالقُطْنِ كَيْ لاَ يَسْمَعَ صَوْتًا

أَحْضَرَ اللِّصُّ قُطْنًا وَ سَدَّ أُذْنَيْهِ ثُمَّ تَقَدَّمَ نَحْوَ الجرَسِ. وَ لَمْ يُفَكِّرْ بِأَنَّ آذَانَ النّاسِ مَفْتُوحَةٌ وَ أَنَّهُمْ سَيَسْمَعُونَ صَوْتَ الجرَسِ وَ حَاوَلَ اللِّصُّ أَنْ يَأْخُذَ الجَرَسَ حَتَّي رَنَّ الجَرَسُ رَنِينًا عَالِيًا. وَ مَا مَضَي إلاّ لَحْظَاتٍ أَحَاطَ بِهِ النَّاسُ وَ قَبَضَ النَّاسُ هَذَا اللِّصَّ الجَاهِلَ الغَافِلَ وَ كَانَ يَقُولُ فِي نَفْسِهِ:"عَجَبًا لِهَؤُلاَءِ الأَقْوَام ! كَيْفَ سَمِعُوصَوْتَ الجَرَسِ وهُمْ بَعِيدٌ عَنْهُ مَعَ أَنِّي لَمْ أَسْمَعْهُ وَ أَنَا قَرِيبٌ مِنْهُ!؟



بقلم : فاطمة رفية , الصف التاسع

ഫാത്തിമ റഫിയ്യ. പി, 9.G ترورنغادي المدرسة الثانوية الحكومية



# ഓർമക്കുറിപ്പ്

വിടപറയാൻ ഇനി നിമിഷങ്ങൾ മാത്രം. വർഷങ്ങളോളം നീണ്ടു നിന്ന  അദ്ധ്യാപനവൃത്തി. എറണാകുളം ജില്ലയിൽ നിന്നു തുടങ്ങി കോട്ടയവും കടന്ന് നമ്മുടെ മലപ്പുറത്തെത്തി. ഇതിനിടയിൽ എന്തെന്ത് അനുഭവങ്ങൾ. സങ്കടവും സന്തോഷവും ഇടകലർന്ന്, മിടുക്കന്മാരും മിടുക്കികളും വികൃതികളും കുറുമ്പുകാട്ടുന്നവരും കുസൃതിക്കുരുന്നുകളും വേണ്ടത്ര.  അമ്മയോടുപോലും പറയാൻ മടിക്കുന്ന രഹസ്യം പറയുന്നവർ  അമ്മയെക്കാളേറെ എന്നെ വിശ്വസിക്കുന്ന കുട്ടികൾ വില്ലന്മാരെ നിയന്ത്രിക്കാൻ ക്ലാസിലെ ചാരന്മാരായിരുന്നവർ, ദേഷ്യം പിടിപ്പിക്കാൻ  വേണ്ടിമാത്രം കലപില കൂട്ടുന്നവർ, ഭിന്നശേഷിക്കാരെ  കൂടപ്പിറപ്പിനെപ്പോലെ സ്നേഹിച്ചവർ, മേമ്പൊടിക്ക് ഇടക്കോരോ  തല്ലുകൊള്ളികളും ഇന്നും ജി.എച്ച്.എസ് തിരൂരങ്ങാടി എന്റെ ജീവനാണ്  ഇവിടത്തെ ഓരോ മൺതരിയും ഓർമകളാണ്


കെ.പി സുജാത

എച്ച്. എസ്. എ. ഗണിത ശാസ്ത്രം

# തമോഗർത്തം

ദ്രവ്യമാനം കൂടിയ നക്ഷത്രങ്ങളുടെ പരിണാമ ഘട്ടത്തിലെ അവസാന ഘട്ടമാണ് ഇത്.

താപം മൂലം പുറത്തേക്കുള്ള തള്ളലും ഗുരുത്വാകർഷണമൂലം അകത്തേക്കുള്ള തള്ളലുമാണ് നക്ഷത്രത്തെ പിടിച്ച് നിർത്തുന്നത് . എന്നാൽ നക്ഷത്രത്തിന്റെ ഇന്ധനം തീർന്ന് കഴിഞ്ഞാൽ ഈ സന്തുലനം തെറ്റും നക്ഷത്രത്തിന്റെ മാസ് ചന്ദ്രശേഖർ പരിധിക്ക് (1.44 സോളാർ മാസ്) മുകളിലാണെങ്കിൽ അത് ന്യൂട്രോൺ നക്ഷത്രമാകുന്നു . ഇതിന് ഏകദേശം 10 km മാത്രമായിരിക്കും വലുപ്പം എന്നാൽ മാസ് സൂര്യനേക്കാളുണ്ടകും . ഇതിലെ ഒരു സ്പൂൺ ദ്രവ്യത്തിന്റെ ഭാരം ചന്ദ്രനുതുല്ല്യമായിരിക്കും . ഇതിന്റെ കേന്ദ്രത്തിൽ ന്യൂട്രോൺ മാത്രമേ ഉണ്ടാകൂ. ആറ്റത്തിന്റെ ഇലക്ട്രോണും പ്രോട്ടോണും ആകർഷണ ശക്തി മൂലം കൂടിച്ചേർന്നാണ് ന്യൂട്രോണുകളുണ്ടാകുന്നത്. ഇത്തരം കറങ്ങുന്നതും ശക്തമായ വികിരണം പുറത്ത്വിട്ടുകൊണ്ടിരിക്കുന്നതുമായ നക്ഷത്രമാണ് പൾസർ.

നക്ഷത്ര മാസ് വളരെ കൂട്ടതലാണെങ്കിൽ അത് ഒരു തമോഗർത്ത(black hole)മായി മാറുന്നു. തമോഗർത്തത്തിന്റെ സിഗുലാരിറ്റിയിൽ ഒരു നിയമവും വിലപോകില്ല 0 cm വലുപ്പമുള്ള ഒരു ബിന്ദുവാണത് . അതിന്റെ സാന്ദ്രതയും അനന്തമാണ് തർമോഗർത്തത്തിന്റെ ആകർഷണത്തിൽ നിന്ന് പ്രകാശം പോലും രക്ഷപെടില്ല. ഇതിനകവശം സമയം പോലും നിശ്ചലമാകുന്നു. തമോഗർത്തത്തിലേക്ക് പോകുന്ന വസ്തുക്കൾക്ക് എന്ത് സഭവിക്കുമെന്ന് കൃത്യമായി അറിയില്ല. പ്രകാശത്തേക്കാൾ വേഗത്തിൽ സഞ്ചരിക്കാനാകില്ല. അതു കൊണ്ട്ട തന്നെ തമോഗർത്തത്തിൽ നിന്ന് രക്ഷപെടുക അസാദ്യമാണ്; തമോഗർത്തത്തിന്റെ ഗ്രവിറ്റിയെ പറ്റി മനസ്സിലാക്കാൻ സഹായിക്കുന്നത് ഐൻസ്റ്റിന്റെ പൊതു ആപേക്ഷിതയിലൂടെയാണ്

മുഹമ്മദ് റയ്യാൻ. സി, 10.J

# സ്വന്തം ഭൂമിയിൽ അന്യരായ് തീർന്നവർ

അഭയാർത്ഥികൾ,ഞങ്ങൾ അഭയാർത്ഥികൾ
സ്വപ്നങ്ങൾ വിറ്റ്
ദുരിതങ്ങളും, ദുഖങ്ങളും വാങ്ങുമ്പോൾ
അധികാരം, അധിനിവേശം
അതിനടിമയായ ജന്മങ്ങൾ

ഒടുവിലെത്തുന്ന മോചനം കാത്തു
ക്യാമ്പിൽ കഴിയുന്ന ദരിദ്ര ജന്മങ്ങൾ
അന്നമുണ്ടു വളരേണ്ട ഞങ്ങൾതൻ കുഞ്ഞുങ്ങൾ
വിരലീമ്പിയുറങ്ങുന്നു

അകലെ ആകാശവും, താഴെ പൊള്ളുന്ന ഭൂമിയും
ശേഷിച്ച അൽപ്പ ജീവനായ് ഞങ്ങൾ
അഭയാർത്ഥി ക്യാമ്പിൽ അടിമകൾ
ഇടമില്ലവേറെ പോകുവാൻ
ഇത് തന്നെ ഞങ്ങൾതൻ അഭയകേന്ദ്രം
എരിഞ്ഞു തീരുന്ന സ്വപ്നങ്ങൾ, ഞങ്ങളഭയാർത്ഥികൾ

റിജ്വ. വി
IX . I

# വഴി വിളക്ക്

തീരാകണ്ണീരിന്റെയും തീരാനൊമ്പരത്തിന്റെയും ഇല്ലായ്മയിലുമാണ് എന്റെ ജീവിതം. എന്റെ പേര് പോലും എന്താണെന്ന് എനിക്ക് അറിഞ്ഞ്കൂടാ. എല്ലാവരും വഴി പിഴച്ചവൾ, അസത്ത് എന്നൊക്കെ വിളിക്കുന്നത് കേൾക്കാം. അച്ഛനും അമ്മയും ഉണ്ടെങ്കിലും അവരെ ഒന്ന് കാണാൻ എനിക്ക് കഴിഞ്ഞില്ല. അമ്മായി പറയുന്നത് കേൾക്കാം , അമ്മയെ കാണാൻ ചന്തമില്ലെന്ന് പറഞ്ഞ് അച്ഛൻ വേറെ പെണ്ണ് കെട്ടിയെന്ന്. അന്ന് എനിക്ക് പ്രായം എട്ട് മാസം, അപ്പോഴാണ് അമ്മ ആത്മഹത്യ ചെയ്തത്. അന്ന് മുതലേ ഞാൻ അമ്മയുടെ വീട്ടിലാണ് താമസം.

ഓർമവെച്ചക്കാലം തൊട്ടെ പട്ടിണിയും അടിയും തുപ്പും സഹിച്ച് ജീവിക്കുന്ന ഞാൻ ഒരുപാട് ജോലികൾ എന്നെ കൊണ്ട് ചെയ്യിപ്പിക്കും. ഞാൻ മൂന്നാം ക്ലാസിൽ പഠിക്കുമ്പോൾ ക്ലാസിൽ നിന്നും തലകറങ്ങി വീണു. ടീച്ചർ ചോദിച്ചു: എന്താണ് ഇങ്ങനെ ഉണ്ടാകാൻ കാരണം? ഞാൻ ഒന്നും പറഞ്ഞില്ല. അതിനു പിന്നിൽ ഒരു കാരണം ഉണ്ടായിരുന്നു. അമ്മായിയുടെ മകനെ ഞാൻ നോവിച്ചെന്നും വഴക്ക് പറഞ്ഞെന്നും ആണ് ആ മകൻ പറയുന്നത്. എന്നാൽ ആ മകനെ ഞാൻ നോവിച്ചിട്ടില്ല. ഇതും പറഞ്ഞ് അമ്മാവൻ രാത്രി മുഴുവൻ എന്നെ തല്ലി. രാത്രിയിൽ അവൾക്ക് ഇത്തിരി ഭക്ഷണം പോലും കൊടുക്കരുത് എന്നും പറഞ്ഞു. രാവിലെ എന്നെ കൂടുതൽ പണിയെടുപ്പിക്കുകയും ഭക്ഷണവും തന്നില്ല. തുന്നിപ്പിടിപ്പിച്ച, അമ്മാവന്റെ ഹോസ്റ്റലിൽ പഠിക്കുന്ന മകളുടെ, പഴയ യൂനിഫോം ഇട്ടാണ് വേച്ച് വേച്ച് നടന്നത്.ഈ കാര്യം ടീച്ചറോട് പറയണ്ട അത് അമ്മായിക്ക് മോശമാണ്.

അന്ന് ഞാൻ വീട്ടിലെത്തി. ഞാൻ വീട്ടിലെത്തിയപ്പോൾ അമ്മൂമ എന്നോട് പറഞ്ഞു: എന്റെ പേരിൽ ആരും അറിയാത്ത ഒരു അരസെന്റ് ഭൂമിയുണ്ട്, റെയിൽവേസ്റ്റേഷനടുത്താണത്. അവിടെ വെച്ച് കെട്ടിയ ഒരു കുടിലുമുണ്ട്. നമുക്ക് അവിടെ താമസിക്കാം. അപ്പോൾ ഞാൻ ഒർത്തു, അമ്മൂമ്മയും അമ്മായിക്ക് ഒരു അധികപറ്റാണ്. എപ്പോഴും പറയും ഒരു മൂലയിൽ ഒതുങ്ങിക്കൂടെ എന്ന്. അമ്മൂമ പറഞ്ഞതനുസരിച്ച് രാത്രിയിൽ ബേഗിൽ രണ്ട് കുപ്പായവും അമ്മൂമ്മയുടെ കൈയ്യും പിടിച്ച് ഞാൻ ഓടി. അവിടെ എത്തിയപ്പോൾ പ്രഭാതമായിരുന്നു.

ഞങ്ങൾ ആ കുടിലിൽ താമസമാക്കി. കുറച്ച് നാൾ എന്ന് പറഞ്ഞാൽ ഒരാഴ്ച കഴിഞ്ഞപ്പോൾ അമ്മൂമ്മയ്ക്ക് വയ്യാതായി. വലിയ രോഗം പിടിപ്പെട്ടു. ചികിത്സിക്കാനും ഭക്ഷണത്തിനും വകയില്ലാതെയായി. അങ്ങനെ ഞാൻ ഒരു ജോലിക്ക് പോയി. മൂന്നാം വയസ്സിൽ ചെരിപ്പ്പോളിഷിംഗ്, കാർ കഴുകൽ അങ്ങനെയുള്ള ജോലിയിൽ കുറേ ദിവസം കഴിഞ്ഞു. അവൾ അതിരാവിലെ വഴിയോരത്ത് ഒരാളുടെ ഷൂപോളീഷിംഗ് ചെയ്യുകയാണ്. അപ്പോഴതാ

"സഹായിക്കണേ, കണ്ണ് കാണാത്ത ആളാണേ.. ഒന്ന് സഹായിക്കണേ".

ഇത് കേട്ടപ്പോൾ അവൾ ഓടിപ്പോയി അദ്ദേഹത്തിന്റെ കൈയ്യും പിടിച്ച് റോഡ് മുറിച്ച്കടക്കാൻ തുടങ്ങി. അദ്ദേഹത്തെ അവിടെ എത്തിയപ്പോൾ അമ്പത് രൂപ അവളുടെ നേരെ നീട്ടിയിട്ട് പറഞ്ഞു:

"ഇത് വച്ചോ, ഈ ആൾക്കൂട്ടത്തിൽ എന്നെ സഹായിച്ചത് നീയാണ്".

"വേണ്ട സാർ എനിക്ക് ഇത് വേണ്ട , സഹായിക്കുന്നതിന് പ്രതിഫലം ദൈവത്തിൽ നിന്നാണ്. സാർ പൊയ്ക്കൊള്ളൂ".

ഇത് കണ്ടിരുന്ന ഷൂപോളീഷ് ചെയ്യാൻ വന്ന ആൾക്ക് അവളെ കുറിച്ച് വളരെ അധികം ബഹുമാനം തോന്നുകയും ആ കുട്ടിയെ സഹായിക്കണം എന്ന് കരുതുകയും ചെയ്തു.
നാല് മാസങ്ങൾക്ക് ശേഷം അവളുടെ അമ്മൂമ്മ ലോകത്ത് നിന്ന് വിടവാങ്ങി. അവളെ സഹായിക്കാൻ ആരും ഇല്ലായിരുന്നു. അപ്പോഴാണ് വഴി യാത്രക്കാരനായ അദ്ദേഹം കടന്ന് വരുന്നു. മോളെ കരയണ്ട , ഞാൻ ഒരു ഡോക്ടറാണ്. നിന്നെ കൊണ്ട് പോകാൻ വന്നതാണ്. എന്റെ മകളായിട്ട് നീ വാ... അവളൊന്നും മിണ്ടാതെ അദ്ദേഹത്തോടൊപ്പം യാത്രയായി. നിന്റെ പേര് ഞാനിടും, എമി നീ എന്റെ മകൾ ഞാൻ നിന്റെ അച്ഛൻ.
വർഷങ്ങൾ കടന്ന് പോയി. ഒരു ദിവസം രാത്രി അച്ഛൻ മോളെ വിളിച്ച് ഒരുപാട് കാര്യങ്ങൾ പറഞ്ഞു. അവസാനം അച്ഛൻ പറഞ്ഞു, ഈ ലോകത്ത് പാവപ്പെട്ടവരോ ധനികരോ എന്നില്ല. എല്ലാവരും സമാന്മാരാണ്. എല്ലാവരും മനുഷ്യന്മാരാണ്, ഇതും പറഞ്ഞ് അവളുടെ അച്ഛൻ ലോകത്തോട് വിടചൊല്ലി.



സഫ്ന. ഇ, 9 B

# കുമാരനാശാൻ

മലയാള കവിതയിൽ കാൽപനികതയുടെ പുതുയുഗത്തിന് തുടക്കംകുറിച്ച കവിയാണ് കുമാരനാശാൻ. ആധുനിക കവിത്രയത്തിൽ ഉൾപ്പെട്ട കുമാരനാശാൻ 1873 ൽ ഏപ്രിൽ 12 ന് തിരുവനന്തപുരം ജില്ലയിലെ കായിക്കരക്കടുത്താണ് ജനിച്ചത്. അദ്ദേഹത്തിന്റെ പ്രധാന ഖണ്ഡകാവ്യങ്ങളാണ് വീണപൂവ്, നളിനി, ലീല, ചണ്ഡാലഭിക്ഷുകി, ചിന്താവിഷ്ടയായസീത, കരുണ, ദുരാവസ്ഥ എന്നിവ. ഇദ്ദേഹത്തിന്റെ എല്ലാകവിതയിലും ഒരുനുള്ള് സ്നേഹസ്പർശം ഏൽക്കാതെ പോയിട്ടില്ല. ഇദ്ദേഹത്തിന്റെ ചില കൃതികളിൽ അതിലെ കഥാപാത്രത്തിന്റെയും കൃതിയുടെയും പേര് ഒന്നായിരിക്കും. ഇദ്ദേഹത്തിന്റെ ഓരോ കവിതയും നമ്മുടെ ഈ തലമുറക്ക് അനിവാര്യമായ ഘടകം അടങ്ങിയതാണ്. 1921 ൽ ആലപ്പുഴ ജില്ലയിലെ പല്ലനയാറ്റിൽ വച്ചുണ്ടായ ബോട്ടപകടത്തിലാണ് കുമാരനാശാൻ നമ്മോട് വിടപറഞ്ഞത്.

മാജിദ. സി.പി



# ഒരു കൈ ചേർക്കാം

കേരളത്തെ വിറപ്പിച്ച മഹാപ്രളയത്തിന്റെ ഉയർത്തെഴുന്നേൽപ്പിൽ നിന്നാണ് ഈ കഥ തുടങ്ങുന്നത്.

"ഹലോ, അമ്മേ ഇതെവിടെയാ വച്ചിരിക്കുന്നത്"മനു ആ വീൽച്ചയറിൽ ഇരുന്ന് നെരങ്ങിക്കൊണ്ട് ഫോണിലൂടെ ചോദിച്ചു. വീട് പാതി മുങ്ങിയിട്ടും വീടിന്റെ രണ്ടാം നിലയിൽ ജീവൻ പണയം വെച്ച് ഒരു ചാവിക്ക് വേണ്ടി അവൻ പരതുകയാണ്. ശരീരത്തിന്റെ പകുതി തളർന്ന അവൻ തളരാത്ത മനസ്സുമായാണ് ഈ വലിയ ആപത്തിനെ നേരിടുന്നത്. വെള്ളം നിൽക്കാതെ കയറിക്കൊണ്ടിരിക്കുകയാണ്.

“എവിടെ?കേൾക്കുന്നില്ല ഉറക്കെ പറയ്" അവൻ അലറി. അവന്റെ ആ അലർച്ചയിൽ ജീവിതത്തോടുള്ള അതിയായ മോഹമുണ്ടായിരുന്നു. ബാഗ്ലൂരിലെ അഞ്ച് വർഷത്തെ എം.ബി.ബി.എസ് പഠനം കഴിഞ്ഞ് ഒരു മാസമേ ആയിട്ടുള്ളു അവൻ നാട്ടിൽ വന്നിട്ട്. വന്നപ്പോഴേ കേരളം പ്രളയ ഭീതിയിൽ മുങ്ങിയിരുന്നു. സമാധാനത്തോടെ വീട്ടിലിരുന്ന് ഉണ്ണാൻ പോലും അവന് കഴിഞ്ഞില്ല. ഹോസ്റ്റലും കോളേജുമായി ചിട്ടയോടെ നീണ്ട അവന്റെ ജീവിതത്തിലേക്ക് വന്ന ഏറ്റവും നല്ല സ്വർഗ കവാടമായിരുന്നു ആ അവധിക്കാലം.

“എവിടെ?അലമാരയുടെ മുകളിലോ?

അവന്റെ ശബ്ദം ഉയർന്നുകൊണ്ടേയിരുന്നു. ആ ശബ്ദത്തോടെ പേടിയും കൂടി.

“ഞാൻ നോക്കട്ടെ".

അവൻ ഫോൺ പിടിച്ച് വീൽച്ചയറിന്റെ ചക്രം ഉരുട്ടി. അവൻ അലമാരയുടെ അടുത്തേക്ക് നീങ്ങി. അലമാരയുടെ മുകളിൽ തപ്പി, വീൽച്ചയറിന്റെ കൈപ്പടമായിരുന്നു ബലത്തിനായി അവൻ ഉപയോഗിച്ച ഉപായം. തപ്പിയപ്പോൾ അവന് ഒന്നും

കണ്ടെത്താനായില്ല. അവൻ ഫോൺ വീണ്ടും ചെവിയോട്ടു ചേർത്തു.

“ഇവടെയൊന്നും കാണാനില്ല. "അലമാരയുടെ ഉള്ളിലോ? ഞാൻ നോക്കട്ടെ".

അവൻ വേഗത്തിൽ അലമാര തുറന്ന് നോക്കി. അവന്റെ വേഗത കൂടുന്നതിനനുസരിച്ച് വെള്ളത്തിന്റെ കയറ്റവും കൂടാൻ തുടങ്ങി. അവൻ ചാവി തപ്പി. എന്തോ വലിയ സ്വപ്നം നേടിയെടുത്തപ്പോലെ അവൻ ആ ചാവി കണ്ടെത്തി. ടെറസ്സിലേക്ക് കോണിയിൽ കുത്തിപ്പിടിച്ച് കയറാൻ ശ്രമിച്ചു. എങ്ങനായാലും കാലു കൊണ്ട് കേറാൻ പറ്റൂല . അതുകൊണ്ട് രണ്ടും കൽപ്പിച്ച് വീൽചെയർ അവിടെയിട്ട് കൈയ്യിന്റെ ബലം കൊണ്ട് അവൻ എങ്ങനേയോ ടെറസിലെത്തി. കാലുകളുടെ ഉപയോഗം ആ നിമിഷത്തിലാണ് അവൻ ഓർത്തത്, അവൻ അവിടെ തളർന്നുവീണു. ആരോരുമില്ലാത്ത ആ ടെറസ്സിൽ

"മ്യാവൂ.."

അവൻതലപ്പൊക്കി നോക്കി. അതാ,താൻ ഒറ്റക്കല്ല എന്ന സത്യം അവന് മനസ്സിലായി. കൂട്ടിന് ഒരു പൂച്ചക്കുട്ടിയുമുണ്ട്. അവൻ അതിനെ കൈ കൊണ്ടെടുത്തു.

എന്തോ, അവരുടെ രണ്ടുപേരുടേയും ഭാഗ്യമെന്നോണം അന്ന് കേരളത്തിന് ചുറ്റും കാവലുണ്ടായിരുന്ന ഹെലികോപ്റ്റർ അതുവഴിവന്നു. അവൻ രണ്ടു കൈകൊണ്ടും ആഞ്ഞുവീശി. ഒരുപാട് അവൻ നേരത്തെ ശ്രമത്തിന്റെ അന്തമെന്നോണം ഹെലികോപ്റ്റർ മനുവിനെ കണ്ടു. അവർ അവന് ബെൽറ്റ് കയർ ഇട്ടുകൊടുത്തു. അവസാന ശ്രമമെന്നോണം അവൻ അതിൽ തന്റെ ശരീരം ബന്ധിപ്പിച്ചു. എന്നിട്ട് ആ പൂച്ചക്കുഞ്ഞിനെ വാരിയെടുത്ത് അവന്റെ നെഞ്ചോട് ചേർത്തു...

റിജ്‌വ. വി, 9.I



# MY LOVE OF NATURE

*I love the sound of birds*

*So early in the morn*

*I love the sound the wind makes when*

*It's blowing through trees*

*I love the way the sky looks on a bright*

*And sunny day*

*Even when it's rainy, I love the*

*Shades of grey*

*So when I lay lord above,*

*For all the things of nature and more*

*All the things I love*

***NISHAN MN, 9.H***



# أَيْنَ نَبْحَثُ النَّهْر؟

مَرَّةً سَأَلَ يَعْسُوبُ أُونَمْ لِلنَّهْرِ:إلَي أَيْنَ تَذْهَبُ؟ قَالَ النَّهْرُ

ضَاحِكًا: إلَي البَحْر

فِي يَوْمِ التّالِي سَأَلَ النّسِيمُ لِلنَّهْر:إلَي أَيْنَ تَذْهَبُ؟

قَالَ النَّهْرُ صَامِتًا مُبْتَسِمًا:إلَي البَحْر

بَعْدَ أَيَّامٍ سَأَلَت اللّيْلَةُ المُقْمِرَ ة:إلَي أَيْنَ تَذْهَبُ؟

قَالَ النَّهْر النَّحِيفُ مَعَ الدُمُوع: أَذْهَبُ نَحْوَ البَحْر

و لاَ أَعْرِفُ وَ هَلْ أَنَا أَصِلُ إِلَي البَحْر

إِنْتَظَرَ اليَعْسُوبُ و النَّسِيمُ و اللّيْلَةُ المُقْمِرَة قُدُومَ النّهْر فشي شَاطِيِٕ النَّهْر

أَيَّامًا. إنْتَظَرُوا .... وَ سَِمُوا.....ثُمَّ ذَهَبُوا بَاحِثِينَ النَّهْر .

و بَعْدَ أَيّامٍ تَرَكُوا البَحْثَ

بَلْ... بَعْدَ أَعْوَامٍ

لَمّاَ هَبَّ النّسِيمُ مَا زَالَ يَتَحَدَّثُ: فِي قَدِيمِ الزّمَان...... كَانَ لي

نَهْرٌ.......يَسِيلُ........و يَفِيضُ

وَ أشْرَقَتْ اللّيْلَةُ المُقْمِرَة وَقَالَتْ:كَانَ لِي

نَهْرٌ....... وَ نَهْري....... جَمِيلٌ

حَلَّقَ يَعْسُوبُ أونَمْ ومَا زَالَ يَقُول:كَانَ لِي

نَهْرٌ .....مَمْلُوءبِأَزْهَار أونَم فِي شَاطِئِه

و لَمَّا سَمِعَ الأَطْفَالُ أَقْوَال اليَعْسُوبِ و النّسِيمِ و اللّيْلَة المُقْمِرَة بَاإِسين :أَيْنَ

نَبْحَثُ النَّهر.........؟

بقلم: مفلحة .اى . الصف التاسع

المدرسة

الثانويةالحكومية. ترورنغادى



മുഫ്ലിഹ. A , IX. F

# മരണം

പൂർണ്ണ നിശബ്ദത കണ്ണീരേറ്റ
ആർദ്രമാം അന്തരീഷം
തണുപ്പുള്ള രാത്രിയിൽ
മുള്ളിൽ നിന്ന് നിശബ്ദതയുടെ
അനന്തതയിലേക്കിറ്റി വീഴുന്ന

ഹിമകണം മാതിരി,
എന്റെ ഹൃദയത്തിൽ നിന്ന്
അത് നഷ്ടമായി അതേ
തണുപ്പ്, അതേ നിശബ്ദത
എത്ര കണ്ണീരെനിക്ക് നഷ്ടമായി

എല്ലാം നിന്റെ സുഹൃത്തുക്കൾ
നിന്റെ ആത്മാവ് പ്രപഞ്ചത്തിനനന്തതയിൽ
പൂമ്പാറ്റയും വണ്ടുകളുമില്ല,
പുഴുക്കളും പഴുതാരയും മാത്രം
പൂവിന്റെ സുഗന്ധമില്ല ദുർഗന്ധമുള്ള
ശരീരം മാത്രം

മഴക്കാലം എത്രനാൾ കരയും
കാലം മാറുക തന്നെ ചെയ്യും
കഴിഞ്ഞക്കാലം സ്വപ്നമാകും
വസന്തം തീർച്ചയായും വന്നെത്തും

മുഹമ്മദ് റയ്യാൻ. സി, 10.J

# ഭ്രാന്തി

അജ്ഞാതൻ ചോദിച്ചു
ആരാണ് ഭ്രാന്തൻ
പറക്കും പക്ഷികളെ നോക്കി
കുരുന്നു പറഞ്ഞു
ഭാണ്ഡം മുറുക്കുന്ന
തെരുവിലെ തെണ്ടിയാണു
ഭ്രാന്തി...

അപ്പോഴതാ വിദ്യാ...
ലയത്തിൽ പോകുന്ന കുരു
ന്നു...ചൊല്ലീ...
ക്ലാസ് മുറിയിൽ അട്ടഹസി
ക്കുവാ ടീച്ചറാണ് ഭ്രാന്തി...

ചൊല്ലുക ആരാണു ഭ്രാന്തി.....?
അജ്ഞാതൻ ആരാഞ്ഞു.
പതഞ്ഞുപൊങ്ങി ആർത്തിരമ്പുന്ന കടലിനെ
നോക്കുന്ന അവൾ
അട്ടഹസിച്ചു...നിലമില്ലാ...
പ്രേമക്കടലിൽ മുങ്ങിയ ഞാനാണു ഭ്രാന്തി...

# ഭാരതം

ഭാരത മാതാവെന്നൊരു സുന്ദര സുരഭില പൂവാടീ...
പാരിതിലെങ്ങും പരിമിളമേകും വിസ്തൃര പൂവാടീ...
ഹിന്ദു,മുസ്ലിം,ക്രിസ്ത്യൻ,സിക്കുമൊരച്ചടിയിൽ ക്കുടീ...
ഇവിടെ മുല്ലപ്പനിനീർ,തുളസി,തെച്ചി പൂവാടീ...

പൂന്തോപ്പിൽ പുതുകിളി പാടീ...
സ്വാമി ശരണം...അയ്യപ്പ ശരണം...
പുളകം കള കള പുഴപാടീ...
അല്ലാഹ്ഹ അക്ബർ...അല്ലാഹ്ഹ അക്ബർ...
പുളകം കള പൂമ്പാറ്റകളാടീ...
ദയാനിധിയാം കർത്താവെ...

പൂന്തോപ്പിൽ പുതു കിളി പാടീ...
പുളകം കള കള പുഴ പാടീ...
പുളകം കള പൂമ്പാറ്റകളാടീ...
ഇന്ത്യക്കാർ നാം സ്വന്തക്കാർ നാം ബന്ധുക്കാരല്ലേ...

നാനാത്വത്തിൻ ഏകത്വത്തിൻ
തത്വ മിത്യമായ്..



അജിഷ, 9F

# വികൃതി



മരമറുത്തു,
നിന്റെ തുണിയുരിഞ്ഞു
മലതുരന്നു,
നിന്റെ മാററുത്തു.

പുന്നെല്ലു വിളയുന്ന
വയലു തൂർത്തു
സുന്ദരമായ നിൻ
ഉടലടക്കി...
പുഴയിലൂറും
വെൺ മണലുവാരി
കുളിരൊഴുകും നിൻ
കരളു മാന്തി

മണ്ണിൻ മനസ്സു
വരണ്ടുണങ്ങി
കണ്ണീരുചാലു പോൽ
പുഴയുണങ്ങി
പ്രകൃതിയെ ഒറ്റിനാം സ്വത്തുനേടി
സർവ്വം മുടിച്ചു നാം എന്തുനേടി ?

സന്ധ്യ.പി.പി
എച്ച്. എസ്.എ. മലയാളം

# ചെരുപ്പ്

*എന്നേക്കാൾ എന്നെ അറിയുന്ന എൻ കൂട്ടുക്കാരൻ*
*എന്നാലും നിൻ സ്ഥാനം എൻ കാലിനടിയിൽ*
*നിൻ ജീവിതത്തിൽ ഞാൻ മാത്രം കൂട്ടുക്കാരൻ*
*എന്നിൽ നീ വെറും ഒരുവൻ മാത്രം......*

*നീ പോയാൽ നിൻ വേദനനിൻ സുഹൃത്തതറിയും*
*എന്നാലും നിൻ സ്ഥാനം കാലിനടിയിൽ...*
*ആരുണ്ട് നിൻ ദു:ഖങ്ങൾ കേൾക്കുവാൻ.....*
*ആരുണ്ട് നിൻ ആഗ്രഹങ്ങൾ കേൾക്കുവാൻ.....*
*നിൻ ആരോഗ്യം എന്നാൽ ക്ഷയിക്കുന്നു.*


*നീ എന്നെ വെറുക്കുന്നതിനാൽ*
*നിന്നേക്കാൾ നല്ലവനെ തേടി ഞാൻ പോകുന്നു*
*അപ്പോൾ നിലക്കുന്നതും ആഗ്രഹം*
*നീ വരുന്നു നിൻ ആഗ്രഹങ്ങളാൽ എന്നാലും*

*നിൻ ജീവിതം നിലയ്ക്കുന്നു തെരുവോരങ്ങളിൽ*
*ആരും അറിയാതെ നീ വരുന്നു എൻ കൂടെ*
*നിൻ അനുവാദം തേടാതെ ......*
*നിൻ ആഗ്രഹം അറിയാതെ....*



*ഫാത്തിമ ഫസ്ന. സി.എം, 9.H*

# വരയും വർണവും



സഫ്‌വാൻ, 9.F

# വരയും വർണവും




അജിഷ. വി.കെ, 9.F



ഫാത്തിമ ഷെറിൻ, 10.E





*ആയിഷാബി. ഏ.കെ, 10 A*



റമീന. കെ.ടി, 9. I



# ക്കൂട്ടുകാർ

വസന്തത്തിന്റെ നേർ കാഴ്ചയിൽ

കാണുന്നു ഞാൻ വിരഹത്തിന്റെ

വേദനയറിഞ്ഞ സ്നേഹത്തിന്റെ

കലാലയം,

വിടരാത്ത പൂവിനെ പോലെ

നൊമ്പര പരിഭവങ്ങൾ ബാക്കിയാക്കി

നടന്നകന്ന എന്റെ പ്രിയ കൂട്ടുകാരേ

നേരുന്നു ഞാൻ നിങ്ങൾക്കു മംഗളം

ഒരായിരം നൻമ സാഫല്യമായി

പറഞ്ഞു തീരാത്ത കഥകളുമായി

എന്നെ പോയിമറഞ്ഞ കൂട്ടുകാരെ

ജൂലൈന, 9.C

# ജീവിതം

ജീവിതമെന്ന പാഠപുസ്തകം
വിശാലമായ മരുഭൂമിക്ക്
തുല്യമായ നിൽപ്പതു
തന്നിൽ നിന്നകലു
ഒരിക്കൽ സ്നേഹം
മതിയോളം തന്നവരേ
വിട്ട് പിരിയുന്ന നേരം
കപട സ്നേഹത്തിനടിയായി
പോകുന്ന  ചിലരും,
അവരിലായി കണ്ണീർ
ചിലരും ഓരോ പാഠ
 ഭാഗങ്ങളായി മാറുന്നു
അവർക്കിടയിലൂടെ
മരണത്തിലേക്കു പോകു
ന്നവരും, മരണമെന്ന
തറിയാത്തത് ഭാവത്തിൽ
ചമയിച്ച് ആഡംബര
മായി ജീവികുന്നവർ
ചിലർ, അതിനിടയിൽ
ഒരു പൂപോലെ ഞാനും
എന്റെ ജീവിതവും

ആയിഷ ഹിബ സി.പി, 9.B

# തോണി

തുരുമ്പ് പിടിച്ച വിജാഗിരികൾ ഇളകുന്നത് പോലെയായിരുന്നു അവളുടെ ശബ്ദം. എത്ര ശ്രമിച്ചിട്ടും ശബ്ദത്തിന് പുറത്തേക്ക് കുതിച്ചു വരാൻ കഴിഞ്ഞില്ല. പക്ഷേ കണ്ണുനീരിന് മാത്രം അത് സാധിച്ചില്ല. അവളുടെ ചുറ്റും അതൊരു പുഴ തന്നെ സൃഷ്ടിച്ചു. അവളുടെ സ്വപ്നത്തിന്റെ ചിറകേന്തിയ തോണിയെ പുഴ മന:പൂർവ്വം മുക്കിനശിപ്പിച്ചു. ഭൂമി ചുറ്റും കറങ്ങുന്നത് പോലെ, അവൾക്ക് തോന്നി. കൺമുന്നിൽ നടന്നതെന്തെന്ന് ഓർത്തെടുക്കാൻ അവൾ ശ്രമിച്ചു. പക്ഷേ ഭയം അതവളെ വേട്ടയാടികൊണ്ടിരുന്നു.

പരസ്പരം സ്നേഹിക്കുവാനും ഒന്നിക്കാനും വേണ്ടിയാണ് ദൈവം മനുഷ്യനെ വിവിധ മതവിഭാഗങ്ങളായി സൃഷ്ടിച്ചത്. ഇതോർത്ത് കൊണ്ട് അവളുടെ കരച്ചിൽ ഒരു പരിഹാസമായി മാറുന്നു. പതുക്കെ വീശുന്ന കാറ്റിനുമുണ്ടോ ഒരു രക്തത്തിന്റെ മണം?

ഇന്നിത അവന്റെ ചേതനയറ്റ ശരീരം അവളുടെ കൈകളിൽ ക്കിടന്ന് പിടയുന്നു. അവളുടെ കൈകളിൽ പതിഞ്ഞ ആ രകതക്കറ എന്തോക്കെയൊ വിളച്ച് പറഞ്ഞ് കൊണ്ടിറുന്നു.

“എന്തിന് നീ എന്നെ ഏകാന്തമായ ഈ തടവറയിലേക്ക് തള്ളിവിട്ടു. ഇനി നമ്മുടെ സ്വപ്നങ്ങൾക്ക് ആര് ചിറക് വിറിക്കും?”
അവളുടെ ശബ്ദം കുതിച്ച് പാഞ്ഞ് കൊണ്ട് ചോദിച്ചു.

"ഞാൻ മരിച്ചിട്ടില്ല. നമ്മുടെ സ്വപ്നത്തിന്റെ ചിറകറ്റ് വീണിട്ടില്ല. പറക്കും വാനോളം. നിന്റെ കരസ്പർശം എനിക്ക് പുതുജീവൻ നൽകി. 'ആ രക്തക്കറ' അവൾക്ക് മറുപടി നൽകി.

“നീ ഉയർന്നവളും ഞാൻ താഴ്ന്നവനുമാണ്. സമൂഹം പ്രാധാന്യം നൽകുന്നത് 'മത'ത്തിനാണ്. പക്ഷേ, ഞാൻ നിനക്കാണ് പ്രാധാന്യം കൽപ്പിക്കുന്നത്. ”സ്നേഹം മാത്രം നിറഞ്ഞ ആ 'രക്ത കറ'യിൽ നിന്നും ഉരുവിട്ടു കൊണ്ടിരുന്ന വാക്കുകൾ അവൾക്ക്
പുഞ്ചിരി സമ്മാനിച്ചു.

ഇപ്പോ വീശുന്ന കാറ്റിന് രക്തത്തിന്റെ മണമില്ല. പരസ്പരം വിരിയിക്കുമെന്ന ഭീതിയോടെ തന്റെ പ്രിയതമയെ കാണാൻ മഴ



വീണ്ടും വന്നു. അവളുടെ ഹൃദയം പുറത്തേക്ക് വരാൻ മത്സരിച്ചു കൊണ്ടിരുന്നു.

മെല്ലെ ആ ചേതനയറ്റ ശരീരത്തിൽ നിന്നും അവൻ ഉയർത്തെഴുന്നേറ്റു. അവന്റെ കൈ അവളുടെ നേരെ നീണ്ടു. നിറപുഞ്ചിരിയാലെ അവളത് പിടിച്ചു. പതുകെ അവർ നടന്നു കൊണ്ടിരുന്നു. മുങ്ങിപ്പോയ തോണി എവിടെ തടഞ്ഞ് ഓളങ്ങൾക്കതിരെ തിരിഞ്ഞു.

അവരുടെ തോണി അവർ തുഴഞ്ഞ് കൊണ്ടിരുന്നു. പക്ഷേ അവനെ അവളല്ലാതെ വേറാരും കണ്ടില്ല.

ഫാത്തിമ ഫിദ. പി

# അനിയൻ



കാലത്തിൻ മാധുര്യം പറഞ്ഞറിക്കാൻ
എന്നുടെ വീട്ടിലൊരാളുണ്ട്
കുസൃതി കൊമ്പനാണവനെന്നും
എന്റെ കുസൃതി കുട്ടൻ
വികൃതികൾ കാട്ടിയിട്ട്
വീട്ടിൽ ഓടിനടക്കും
എൻെ അനിയൻ കുട്ടൻ
വഴക്കിനും ഉണ്ടാകും ഒപ്പം
സന്തോഷത്തിനും ഉണ്ട്
അവുനുണ്ടെങ്കിൽ സമയം പോയതറിയില്ല.
എപ്പോഴും, ഓടിക്കളിച്ചും, ചിരിച്ചും
വികൃതി കാട്ടിയും എന്നും എൻ കൂടെയുണ്ടാകും.

അജിഷ,

# അനുരാഗം

അറിയില്ല നീ എനിക്കാരോ

എങ്കിലും സൗഹൃദത്തിന്റെ നാൾ

വഴികളിൽ

ഒരായിരം കിനാക്കളും ആശകളും

തന്നു നീ പോയ് മറഞ്ഞ വസന്ത

കാലത്തിന്റെ

ഓർമകളായ് വിരിയുന്നു

കഴിഞ്ഞ തത്രയും

കാലമെത്ര വർണകിനാക്കൾ

വിധിയെന്ന് ചൊല്ലിവിളിച്ചവയൊക്കെയും

ദുഖത്തിൽ കനലായി നീറുന്നു

നെട്ടവീർപ്പ് ദുഖത്തിന്റെ സംഗീത

മാണെന്ന് ഓതിയാരോ

ഒക്കെയും സത്യമായ് ഒരിക്കലും

പൂക്കാത്ത സ്വപ്നങ്ങളിൽ

എന്തിനീ കണ്ടുമുട്ടൽ

പിരിയാനായി മാത്രമെന്നോ

പിരിയാനായി മാത്രമെന്ന സൃഷ്ടിയോ

*ഫാത്തിമ ഹിബ സി, 9.*

# അർഹിച്ച സ്നേഹം

ചറപറാ പെയ്യുന്ന മഴയത്ത് വല്ല്യുപ്പാന്റെ കാലൻകുടക്ക് താഴെയായി ഞാൻ സ്ക്കുളിലേക്ക് നടന്നു.അവിടെയെത്തിയപ്പോഴേക്കും ഞാൻ പകുതി നനഞ്ഞിരുന്നു. അറിവിന്റെ ആദ്യക്ഷരം പഠിക്കാൻ വന്ന കുട്ടികളുടെ അമ്മയെ കാണാനുള്ള കരച്ചിലും മറ്റ് കുട്ടികളുടെ സ്വറപറച്ചിലും കളിയും എല്ലാം ഞാൻ നോക്കി നിന്നു. അപ്പോഴാണ് ബെല്ലടിച്ചത്.ഉടനെ തന്നെ ഞാൻ ക്ലാസിലേക്ക് നീങ്ങിത്തുടങ്ങി.

ഞാൻ ക്ലാസിലെ എന്റെ ബെഞ്ചിൽ വന്നിരുന്നു.എന്നെ പോലെ മഴയുടെ തണുപ്പ് സഹിക്കാനാകാതെ മെലിഞ്ഞൊട്ടിയ കുട്ടിയെ ടീച്ചർ എന്റെട്ടത്ത് ഇരുത്തി. അസഹ്യമായ തണുപ്പിൽ അവൻ വിറക്കുന്നുണ്ടായിരുന്നു. എന്റെ കൈയ്യിലുണ്ടായിരുന്ന ടവ്വലെടുത്ത് ഞാനവന് തോർത്തിക്കൊടുത്തു. എന്നിട്ട് ഞാൻ ചോദിച്ചു: എന്താണ് നിന്റെ പേര്?അവൻ എന്നോട് സ്വിയാദ് എന്ന് മറുപടി പറഞ്ഞു. ഞാൻ എന്നെ അവൻക്ക് പരിചയപ്പെടുത്തി.ഞാൻ ജാസിം, അഞ്ച് വർഷമായി ഞാനിവിടെ പഠിക്കുന്നു. അപ്പോഴേക്കും സാർ ക്ലാസിലെത്തി.

സാർ ഹാജർ വിളിക്കാൻ തുടങ്ങി.

രാജു......present sir

അമൽ......present sir

സിനാൻ......present sir

സ്വിയാദ്......സ്വിയാദ്.....സാർ ആവർത്തിച്ചു,

തണുപ്പിൽ അവന്റെ പല്ലുകൾ തമ്മിൽ കടിക്കുന്നത് കാരണം അവന് സംസാരിക്കാൻ സാധിക്കുന്നില്ലായിരുന്നു. അവനെ കണ്ടപ്പോൾ എനിക്ക് സഹതാപം തോന്നി. അവന് പകരം ഞാൻ ഹാജർ പറഞ്ഞു. അവനന്ന്

എനിക്കൊരു സമ്മാനം തന്നു. അതിൽ എന്താണെന്ന് അറിയാൻ എനിക്ക് തിടുക്കമായി. പക്ഷെ അമ്മയെ കാണിച്ചതിന് ശേഷമായിരുന്നു ഞാനത്തുറന്നത്. അതിൽ രണ്ട് കുട്ടികൾ കൈപിടിച്ചിരിക്കുന്ന ഒരു പ്രതിമയായിരുന്നു. അതിൽ ഞാനൊരു എഴുത്തുകണ്ടു ഞാനത് വായിച്ചു. അതിന്റെ തുടക്കം നീ എന്റെ ഉറ്റ സുഹൃത്താണ് എന്നിങ്ങനെയായിരുന്നു. അങ്ങനെ ഒരു ദിവസം ഞാൻ സ്കൂളിൽ ചെന്നപ്പോൾ സ്കൂൾ ഹെഡ്മാസ്റ്റർ എന്നെ ഒരു കത്ത് ഏൽപ്പിച്ച് പറഞ്ഞു, ഇത് നിന്റെ സുഹൃത്ത് സ്വിയാദ് തന്നതാണ് ഞാനത് വായിച്ചു.

എന്റെ പ്രിയപ്പെട്ട സുഹൃത്തിന് സ്വിയാദ് എഴുതുന്നത്.

ലോകം കൊടുത്ത് വാങ്ങാനുള്ളതല്ല സ്നേഹം. ജന്മം മുതൽ മരണം വരെയുള്ള വഴിയിൽ നിന്ന് കിട്ടേണ്ടതാണ് അത്. ഞാൻ ബാഗ്ലൂരിലേക്ക് പോവുകയാണ്. എന്നാണ് നാം ഇനി കാണുകയെന്നറിയില്ല അതുവരെ നിനക്ക് വേണ്ടി എന്റെ സ്നേഹം കാത്തു നിൽക്കും ഇത് വായിച്ച എനിക്കൊരു ബോധം ഉണ്ടായി.

"സ്നേഹം അത് അർഹിക്കുന്നവർക്ക് നൽകാനുള്ളതാണ്."

അലി ഹസൻ. കെ, 9.A



# അമ്മയെൻ ദീപം

അമ്മയെൻ ആദ്യാക്ഷരം
ജീവിത പാതയിൽ
വിജയം അമ്മതൻ മടിയിൽ
തല ചായ്ച്ച്ചുറങ്ങാൻ
കഴിയുമീ കാലമത്രയും
അമ്മയ്ക്ക് പകരമാവില്ല ഒന്നും
അമ്മതൻ വാത്സല്യത്തിനു മുമ്പിൽ
അമ്മതൻ മനസ്സിനെ
മുറിവേൽപ്പിക്കരുത്
അമ്മയെന്ന ദീപത്തെ
വേദനിപ്പിക്കരുത്
അമ്മതൻ സ്നേഹം
കടൽ പോലെ ആഴം
സ്നേഹത്തിൽ
കരുതലാണെന്നും അമ്മ

ഇർഫാന. സി, 9.F



# സങ്കലിത വിദ്യാഭ്യാസത്തിന്റെ പ്രസക്തി

ഭിന്നശേഷി ഉള്ളവരെ കാരുണ്യം അർഹിക്കുന്ന വഴി കണ്ട് സഹതപിക്കുന്ന സമീപനമല്ല നമുക്കാവശ്യം . വിവേചനമേതുമില്ലാതെ അവരേയും സമൂഹത്തിന്റ മുഖ്യധാരയിലെത്തിക്കുകയാണ് പരിഷ്കൃത സമൂഹത്തിന്റെ പൊതുസമീപനം. സാമൂഹികവൽക്കരണം പ്രക്രിയയിൽ വളരെ പ്രാധാന്യമർഹിക്കുന്നതാണ് വിദ്യാഭ്യാസം. 1974 ൽ ആരംഭിച്ച സംയോജിത വിദ്യഭ്യസ പദ്ധതിയിൽ കുട്ടികൾ 50% സാമൂഹിക ഇടപെടൽ മാത്രമെ നടന്നിരുന്നുള്ളു. എന്നാൽ മുഴുവൻ സമയവും മറ്റുകുട്ടികളോടൊപ്പം പഠിപ്പിക്കേണ്ട ആവശ്യകത സമൂഹവും സർക്കാറും മനസ്സിലാക്കിയതിന്റെ അടിസ്ഥനത്തിൽ 2008–2009 അധ്യായന വർഷം മുതൽ സങ്കലിത വിദ്യാഭ്യാസ പദ്ധതി നിലവിൽ വന്നു .

ഉൾച്ചേർക്കൽ വിദ്യാഭ്യാസം ഭിന്നശേഷിയുള്ള കുട്ടികളുടെ സാമൂഹിക വികാസത്തെ ത്വരിതപ്പെടുത്തുന്നു. ഇവരെ മാറ്റി നിർത്തുന്ന സമൂഹത്തിന്റെ സമീപനം മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഉൾച്ചേർക്കൽ വിദ്യാഭ്യാസ് പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതിയിലൂടെ ഇവരെ മുഖ്യധാരയിൽ നിർത്തിത്തന്നെ തന്റെ സമപ്രായക്കാരോടൊപ്പം കണ്ടും കേട്ടും അറിഞ്ഞും അനുഭവിച്ചും വളർത്താനുള്ള സാഹചര്യം സാധ്യമായി.

സങ്കലിത വിദ്യാഭ്യാസ പദ്ധതിയിലൂടെ ബുദ്ധിപരമായ പരിമിതിഉള്ളവർ കാഴ്ച്ച വൈകല്യം ഉള്ളവർ, ചലനവൈകല്യം, ഓട്ടിസം, സെറിബ്രൽ പാഴ്സി, ഹീമോഫിലിയ, പഠനവൈകല്യം, കേൾവിക്കുറവ് തുടങ്ങിയ 21 തരം വെല്ലുവിളികൾ നേരിടുന്നവർക്ക്

പൊതുവിദ്യാലയങ്ങളിൽ പഠനാവസരങ്ങൾ ലഭിക്കുന്നു. ശരീരികവും, ബുദ്ധിപരവും, സാമൂഹികപരമായ വ്യത്യാസങ്ങൾ നോക്കാതെ എല്ലാകുട്ടികൾക്കും പൊതുവിദ്യാലയങ്ങളിൽ പഠനം ഉറപ്പാക്കുന്നതോടെ എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കുന്നു .

വിദ്യാഭ്യാസത്തിനു പുറമെ സങ്കലിത വിദ്യാഭ്യാസ പദ്ധതിയിലൂടെ ഇവർക്കാവശ്യമായ മെഡിക്കൽ ക്യാമ്പുകൾ, സഹായ ഉപകരണങ്ങളുടെ വിതരണം, സ്കോളർഷിപ്പുകൾ, സ്കൂളിലും ക്ലാസ്സ്മുറികളിലും, ടോയ്‌ലറ്റിലും വരെ തടസ്സമില്ലാതെ സഞ്ചരിക്കുന്നതിനുള്ള സൗകര്യങ്ങൾ (റാമ്പ്, റെയിൽ , അഡാപ്റ്റഡ് ടോയിലറ്റ്), ആവശ്യമായ തെറാപ്പികൾ, പൊതുപരീക്ഷകളിൽ സഹായികളുടെ സേവനം, വിദ്യാഭ്യാസ ഉദ്യോഗസ്ഥർക്കും രക്ഷിക്കർക്കുമുള്ള ബോധവൽക്കരണ പരിശീലന പരിപാടികൾ എന്നിവ നൽകിന്നു .

ഭിന്നശേഷിയുള്ളവരോടുള്ള വിവേചനം മാറ്റിയെടുത്ത് ഇവരെ നമ്മളിലൊരാളായി കണ്ട് അഗീകരിക്കുകയും അവർക്ക് വേണ്ടി അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിലൂടെ ഭിന്നതകളില്ലാത്ത ഒരു നവയുഗം അവർക്കായി സൃഷ്ടിക്കാം .

ഗീത കോത്തയിൽ
ഐ.ഇ.ഡി.എസ്. റിസോഴ്സ് ടീച്ചർ
ജി.എച്ച്.എസ്.എസ്. തിരുരങ്ങാടി

*മാടം*

# കുഴിമന്തി

ഇന്ന് എനിക്കു കുഴിമന്തി വേണം....

നീ ആ സെൻസർ ഓൺ ചെയ്യൂ

ഇതൊരു High Tech യുഗത്തിലെ ഫാമിലി...

മനുഷ്യർ അല്ല  ഈച്ചകൾ ...

ന്യൂ ജെൻ ഈച്ച ഫാമിലി...

സെൻസറിൽ തെളിഞ്ഞു കുഴിമന്തിയുടെ ഉറവിടം..

ആർത്തിയോടെ കഴിച്ചു...

മരണവാർത്ത നാടെങ്ങും പടർന്നു.

പോസ്റ്റുമോട്ടം റിപ്പോർട്ട് വന്നു..

കാരണം  അജിനോമോട്ടോ....

N B: ഇത് മനുഷ്യർക്കുള്ള മുന്നറിയിപ്പല്ല കേട്ടോ....

ശ്യാം ലാൽ. കെ .കെ

എസ്. ഐ.ടി.സി

ജി.എച്ച്. എസ്.എസ്. തിരൂരങ്ങാടി

# വഴി തെറ്റിയ ചിങ്കൻ കുരങ്ങൻ

കാട്ടിൽ നിന്നും വഴിതെറ്റി നാട്ടിലെത്തിയതാണ് ചിങ്കൻ കുരങ്ങൻ. വീട്ടിൽ നിന്നും ഇറങ്ങിയപ്പോ അമ്മ പറഞ്ഞതാണ് വഴിതെറ്റാതെ നേരത്തെ ഇങ്ങോട്ട് പോരണം എന്ന്.

അവനെ ദൂരെയെങ്ങും അയെക്കുന്നത് അമ്മക്ക് ഇഷ്ട്ടമല്ല. അൽപ്പം വലുതായപ്പോഴാണ് പുറത്തേക്ക തന്നെ വിടാൻ തുടങ്ങിയത്. എപ്പോഴും അച്ഛനോടോ അമ്മയോടോ ഒപ്പമല്ലാതെ അവൻ പോയിട്ടില്ല അച്ഛൻ മരിച്ചശേഷം അമ്മക്ക് വേണ്ടിയാണ്. ഇനി വിട്ടിൽ ഞാനും അവനും മാത്രമേയുള്ളൂ. അവൻക്കെന്തങ്കിലും സംഭവിച്ചാൽ......

അമ്മയുടെ പേടി കാണുമ്പോൾ തന്നെ ചിങ്കൻ ദേഷ്യം വരും. "അമ്മേ ഞാനൊരു ആണല്ലേ, പുറത്തു പോയി ഭക്ഷണത്തിനുള്ള വക കൊണ്ടു വരേണ്ട....ഇങ്ങനെ എന്നെ അടച്ചിട്ടു വളർത്തിയാൽ എന്തെങ്കിലും നടക്കുമോ!

എന്നവൻ എപ്പോഴും പറയുന്നുണ്ടായിരുന്നു. അവന്റെ പരാതികേൾക്കുമ്പോൾ ചിരിച്ചു കൊണ്ട് അമ്മ പറയും. ചിങ്കു കുട്ടാ, എനിക്ക് ആരോഗ്യമുള്ള കാലത്തോളം ഞാൻ തന്നെ ആഹാരം കൊണ്ടു വരാം. ഇത്രയും നാൾ നിന്നെ വളർത്തിയില്ലേ. അയുടെ ഉപദേശം ചിങ്കന് അത്ര പിടിച്ചില്ല. അവൻ പറഞ്ഞു. ദൂരെ എങ്ങും പോകുന്നില്ല ആ പുഴയുടെ അടുത്തുവരെ പോയിട്ടു വരാം . ഭക്ഷണമൊന്നും തേടി പോകുന്നതല്ല. വെറുതെ കാണാൻ പോവുകയാണ്. അങ്ങനെ അവനെ അമ്മ സമ്മതിച്ചു. കാട്ടിലൊന്നും അവൻ വലിയ പരിചയമില്ല. ഇതൊക്കെ ആലോചിക്കുമ്പോൾ അമ്മയ്ക്ക് ചെറിയൊരു ഭയം തോന്നി. വന്യ മൃഗങ്ങളുടേയോ മനിഷ്യരുടെയോ കൈകൾ പെട്ടിട്ട് പിന്നെ പറഞ്ഞിട്ട് കാര്യമില്ല. കാട്ടിൽ നിന്നും മൃഗങ്ങളെ പിടിക്കാൻ മനുഷ്യൻ ഇറങ്ങിയിട്ടുണ്ട് ഇന്നലെ അയൽവാസികളെ കുറുക്കച്ചൻ പറഞ്ഞതേയൊള്ളു. രണ്ട് ദിവസം മുമ്പ് രണ്ട് കുറുക്കന്മാരെ പിടിച്ച് കൊണ്ടു പോയി. ഇതെല്ലാം കേട്ടാണ് അമ്മയ്ക്ക് പേടി കൂടിയത്

എന്നത്തേയും പോലെ അന്നും അമ്മയുമായി വഴക്കിട്ടാണ് ചിങ്കൻ ഇറങ്ങിയത്. കാഴ്ചകൾ കണ്ട് നടന്ന് സമയം പോയത് അവനറിഞ്ഞില്ല. പുതിയൊരു വഴി കണ്ടപ്പോൾ അതിലെ വെറുതെ നടന്നുനോക്കി. കുറേ ദൂരം നടന്നപ്പോൾ വഴിതെറ്റി. ചെന്നു പെട്ടത് നാട്ടു പാതയിൽ. നേരമാണെങ്കിൽ സന്ധ്യയായി. തിരിച്ചു പോകാനുള്ള വഴി മനസ്സിലാകുന്നുമില്ല. ചെറിയൊരു പട്ടണമായിരുന്നു അത്. തൽക്കാലം എവിടെയെങ്കിലും ഒളിച്ചി രിക്കുന്നതാണ് ബുദ്ധി. ആരെങ്കിലും കണ്ടാൽ മനുഷ്യരല്ലേ രണ്ടു കല്ലെങ്കിലും എടുത്തെറിയാതെ അവർക്കൊരു സമാധാനവും ഉണ്ടാ വില്ല. കുറേ സമയം കഴിഞ്ഞു, ക്ഷീണം കൊണ്ട് പതിയെ കണ്ണുക ൾ അടഞ്ഞു പോയി. ഏതായാലും നേരം വെളുക്കുന്നതിന് മുമ്പ് അവൻ ഉണർന്നു. ഇനിയിവിടെ നിന്നാൽ കാര്യം കുഴപ്പമാണ്. വിശന്നിട്ട് വയ്യ. അവൻ കുറേ തണ്ണിമത്തന്റെ പിന്നിലായിരുന്നു ഒളിച്ചിരുന്നത്. അവൻ അത് എടുത്ത് ഒന്ന് തിന്ന്നോക്കി. കൊള്ളാം, നല്ല രുചി. ഒരെണ്ണം അമ്മക്ക്കൊടുക്കാനായി കൈയ്യിലെടുത്ത് കൊണ്ട് അവൻ പതിയെ നാട്ടിൽ നിന്നും കാട്ടിലേക്ക് നടന്നു. നേരം വെളുത്തു വരുന്നു. ഇനി വഴി കണ്ട്പിടിക്കാൻ പ്രയാസമുണ്ടാകില്ല. എത്രയും വേഗം അമ്മയുടെ അടുത്തെത്തണം. തന്നെ കാണാതെ വിഷമിച്ചിരിക്കുകയാകും പാവം അമ്മ. തന്നെ കാണുമ്പോൾ സമാധാനമാവും. ചിങ്കൻ അമ്മക്ക് സമ്മാനവും കൈയ്യിൽ പിടിച്ച് കാട്ടിലൂടെ വേഗം നടന്നു.

ഗുണപാഠം: മൂത്തവരുടെ വാക്ക് കേൾക്കുക,
എങ്കിൽ നമുക്ക് എപ്പോഴും നല്ലതേ വരൂ...

# കസ്റ്റാഡ് ഫ്രൂട്ട്സ് സലാഡ്

ആവിശ്യമായ സാധനങ്ങൾ:-

പാൽ, കസ്റ്റാഡ് പൊടി, പൊടിച്ച പഞ്ചസാര, തയ്യാറാക്കാൻ ആവശ്യമായ പാത്രം, മിൽക്ക് മേഡ്, പഴങ്ങൾ.

തയ്യാറാക്കുന്ന വിധം:-

ആദ്യം ഒരു പാൻ എടുത്ത് അതിലേക്ക് ആവശ്യത്തിന് പാൽ ചേർക്കുക. ശേഷം നന്നായി ഇളക്കുക. പിന്നീട് അതിലേക്ക് കസ്റ്റാഡ് പൊടി ചേർക്കുക. ഈ മിശ്രിതം അടിയിൽപിടിക്കാതെ നന്നായി ഇളക്കുക. പിന്നീട് ഒരു കുഴമ്പ് രൂപമായാൽ അത് ഫ്രീസറിൽ തണുക്കാൻ വെക്കുക. അപ്പോഴേക്കും ആവശ്യമായ പഴങ്ങൾ റെഡിയാക്കി വെക്കുക.

അര മണിക്കൂർ കഴിഞ്ഞാൽ കസ്റ്റാഡ് മിശ്രിതം ഫ്രിസറിൽ നിന്ന് പുറത്തേക്ക് ഇറക്കിവെക്കുക. *എന്നിട്ട് അതിലേക്ക് ആവശ്യമുള്ളത്ര മിൽക്ക് മേഡും, പഴങ്ങളും ചേർക്കുക. എന്നിട്ട് നന്നായി ഇളക്കുക. കസ്റ്റാഡ് ഫ്രൂട്ട്സ് സല്ഡ് റെഡി..*

*മാജിദ. സി.പി*

# മാറുന്ന കാലം

അലസമാണോരോ ദിനരാത്രങ്ങളും
ഉരഗത്തേപോൽ ഇഴയുന്നു നിമിഷം
സൂചിത്തലപ്പുപോൽ മൂർച്ചയുന്തുമീ
ഏകാന്തത്തൻ മറുവാതിലെവിടെ...
പോയ്മറഞ്ഞിടാതെ പ്രിയതോഴരെ...
ഞാൻ കേഴുന്നു നിങ്ങൾതൻ സ്നേഹഹസ്തങ്ങളെ
മുത്തുപൊഴിഞ്ഞുപോയൊരു അഴകാർന്ന
നൂലിഴയിൽ, കുരുങ്ങി ഞാൻ
എവിടെയോ ഏകാകിയായി...
എൻ തേങ്ങലിൻരോദനം കേൾക്കുന്നുണ്ടൊരാൾമാത്രം
വലയം ചെയ്തിരിക്കുമാ പുസ്തകച്ചങ്ങലകൾ
എങ്കിലും ആശ്വാമേകുമീതാഴകളും
ചിതലരിച്ചിടവേ,
കണ്ടുഞാൻ ദൂരെയേതൊ അവ്യക്തദൃശ്യമായ്
നൂതനകാലത്തിൻ മാഹാത്മ്യങ്ങൾ...
ശ്രദ്ധപായിക്കവേ എൻനയനങ്ങൾ തിരയുന്നു
ഏകാന്തതതൻ മറുവാതിലെവിടെ...
തിരക്കിട്ടോടുന്ന നഗരവീഥികളിൽ
തുളുമ്പുന്ന യൗവ്വനപേശികളിൽ
തെളിയുന്നു വാട്ട്സപ്പ് യുഗത്തിൻ മാഹത്മ്യം!

അഹല്യ.പി , 9.H



# വേർപാട്

ഹൃദയത്തിലൊരു കോണിൽ താഴിട്ടുവെച്ചൊരാ
സ്ഫടികജാലകങ്ങൾ തഴുകിഞാൻ മെല്ലെ....
പാതിതുറന്നൊരാ ജാലകച്ചില്ലുകൾ
നിറയെ പതുങ്ങിയിരിപ്പു ഓർമ്മകൾ....

പെട്ടെന്നു വീശിയാ മന്ദമാരുതൻ
മമ മനസ്സിനെ കൊണ്ടുപോയെങ്ങോ ദൂരേ...
ഒരുസുഖം പടരവേ മനമാകെയെങ്കിലും
പൊഴിക്കുന്നെൻ നയനങ്ങൾ രണ്ടിറ്റുകണ്ണുനീർ

നിറയെ പൂത്തുതളിർത്തു നിൽക്കുന്നൊരാ
മഞ്ജിമയാർന്നൊരീ വാകമരങ്ങൾ...
ആ നടപ്പാതയിൽ നിൽപ്പൂ ഞാനേകനായ്
നീയെൻ ചാരെയില്ലയോ....

താനേ തഴുകുമീ കാറ്റിൻ കരങ്ങൾ
ഇന്നെന്തേ എന്നെ തലോടാതെ പോകയോ
മാനത്തെ അമ്പിളിക്കിറിനെന്തേ മുഖം
കാർമേഘത്തോപ്പിൽ മയങ്ങിയോ...

പൂമുഖച്ചുമരിലെ മിന്നിത്തിളങ്ങുമാ
ജാലകക്കൂട്ടിലിന്നുമെന്തേ പുഞ്ചിരി,
പരിഭവമില്ലയോ, പരാതികളില്ലെയോ
ഞാനും വരട്ടെനിൻചാരെ.....

നീ ഉണ്ടെന്റെ ചാരെയിപ്പൊഴും
എൻ ജീവനായി, ഹൃദയമായ്, ചുടുനിശ്വാസമായ്
ദു:ഖമില്ലെനിക്കിന്നും.

നീ ഉണ്ടെന്റെയരികെ ഒരു നിഴലെന്നപോലെ
എങ്കിലും ഇറ്റുവീഴുമീ കണ്ണുനീർ
*നിന്നോർമ്മതൻ പളുങ്കുപാത്രമായ്....*





## little KITEs TEAM












# little KITEs TEAM









# الكَلِمَات المتَعَلِّقَة بِكَمْبيُوتَرْ


## *COMPUTER RELATED ARABIC WORDS*


| *SYMBOLS\ شِعَار* | *WORDS* | الأَلْفَاظ |
|---|---|---|
|  | computer | حَاسُوب |
|  | screen\monitor | شَاشَة |
|  | mouse | الفَأرَة |
|  | keyboard | لَوْحُ المَفَاتِيح |
|  | folder | مُجَلَّد |


| | | |
|---|---|---|
|  | connection | إِتِّصَال |
|  | file | مِلَفٌّ |
|  | File manager | إِدَرَةُ البَرْنَامَج |
|  | tools | أَدَوَات |
|  | Send to | إِرْسَال إِلي |
|  | buttons | أَزْرَ ار |
|  | File name | إِسْم الملَفّ |

| | | |
|---|---|---|
|  | close | إغْلَاقٌ |
|  | internet | شَبَكَة العَالَمِيّة |
|  | search | البَحْث |
|  | e mail | البَرِيد الإلَكْترُونِيّة |
|  | world wide web (www) | شَبَكَة العَنْكَبُوتِيَّة االعَالَمِيَّة |
|  | games | أَلْعَابٌ |
|  | history | المَحْفُوظَات |

| | | |
|---|---|---|
|   | exit | إِنْهَاء |
|  | turn off | إيقَاف التّشْغِيل |
|  | data | بَيَانَات |
|  | edit | تَحْرِير |
|  | download | تَحْمِيل |
|  | IT | تَقْنِيَاتُ المَعْلُومَات |
|  | delete | حَذْف |

| | | |
|---|---|---|
|  | save | حِفْظٌ |
|  | cut | قَصٌّ |
|  | paste | لَصْقٌ |
|  | copy | نَسْخٌ |
|  | view | عَرض |
|  | insert | إِدْرَ اج |
|   | format | تَهْيَئَة |
|  | table | جَدْوَل |

| | | |
|---|---|---|
|  | group window | إِطَارُ المَجْمُوعَات |
|  | help | تَعْلِيمَات |
|  | desk top | سَطْحُ المَكْتَب |
|  | scanner | مَاسِح ضَوْئِي |
|  | printer | طَابِعَة |
|  | apply | تَطْبِيق |

| | | |
|---|---|---|
|  | virus | فَيْرُوسَات |



SWIYANA. O, 9.I

بقلم- صِيَانَة.او

الصف التاسع

المدرسة الثانوية الحكومية ترورنغادي

# സ്വാർത്ഥൻ

മനുഷ്യൻ,
പ്രകൃതിയുടെ സൗന്ദര്യമോ
ആകാശത്തിന്റെ വിശാലതയോ
അല്ല തേടുന്നത്
മനുഷ്യൻ സ്വാർത്ഥനാണ്
രാത്രിയുടെ ഇരുട്ടിൻ മറവിൽ
ആർത്തിരമ്പുന്ന ചക്രവാളത്തിന്റെ
മൗനത്തിൽ
നിഗൂഢതയുടെ അഗ്നിച്ചിറകുകളിൽ
മയങ്ങിക്കിടക്കുന്ന
തീനാളമാണവന്റെ ലക്ഷ്യം!
അതിനായവൻ
ശണ്ഠകൂടുന്നു, തമ്മിലടിക്കുന്നു
പിരിയുന്നു
എന്തിന് ?
ചങ്കു പറിച്ച് ചോരകുടിക്കുന്നു
കൊന്നുതിന്നുന്നു
ആ ചെറിയ തീനാളത്തിനു പിന്നിൽ
പ്രകാശം മാത്രമല്ല
ഒരഗ്നികുണ്ഡം കൂടിയുണ്ടെ
ന്നോർക്കാത്ത
അവനെത്ര വിഡ്ഢി

ആയിശാബി. ഏ.കെ, 10.A